LIBRARY ARCHIVES Kerala Legislative Assembly

പാചകവാതക വിതരണ തീയതി എസ്.എം.എസ്. വഴി

277 (1334) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാചകവാതക വിതരണ ദിവസം തന്നെ എസ്.എം.എസ് മുഖേന ഉപഭോക്താവിനെ അറിയിക്കുന്നത് കർശനമാക്കുമോ?

(ബി) പാചകവാതക വിതരണ വിഷയത്തിൽ ഉപഭോക്താക്കളുടെ ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണുവാൻ എന്തൊക്കെ നടപടി കൈക്കൊണ്ടിട്ടുണ്ട്?

ഉത്തരം

(എ) ഇല്ല എന്നാണ് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോർഡിനേറ്റർ അറിയിച്ചിരിക്കുന്നത്.

(ബി) പാചകവാതക സിലിണ്ടറുകളുടെ വിതരണം സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനായി ഗ്യാസ് ഏജൻസിതലത്തിൽ സോഷ്യൽ മോണിറ്ററിംഗ് സമിതികൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ, രണ്ടു മാസത്തിലൊരിക്കൽ ഓപ്പൺ ഫോറങ്ങൾ സംഘടിപ്പിക്കാറുണ്ട്. ഈ ഓപ്പൺ ഫോറങ്ങളിൽ താലൂക്ക് സപ്ലൈ ഓഫീസർമാരും ഓയിൽ കമ്പനി പ്രതിനിധികളും പങ്കെടുത്ത് ഉപഭോക്താക്കളുടെ പരാതി പരിഹരിക്കുന്നുണ്ട്. കൂടാതെ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പരാതി പരിഹാര അദാലത്തുകളും സംഘടിപ്പിക്കാറുണ്ട്.

താലൂക്ക് സപ്ലൈ ഓഫീസുകൾ

278 (1335) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി രൂപവൽക്കരിച്ച 12 താലൂക്കുകളിൽ താലൂക്ക് സപ്ലൈ ഓഫീസുകൾ ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) താലൂക്ക് രൂപവൽക്കരിച്ചതിന്റെ യഥാർത്ഥ പ്രയോജനം ജനങ്ങൾക്ക് ലഭ്യമാക്കുവാൻ പ്രസ്തുത നടപടി അടിയന്തരമായി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) പുതുതായി രൂപവൽക്കരിച്ച 12 താലൂക്കുകളിൽ താലൂക്ക് സപ്ലൈ ഓഫീസുകൾ തുടങ്ങുന്നതുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചു വരുന്നു.